## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1688 | 01.11.2019 ലെ മറുപടിക്ക്

### ഭൂവിനിയോഗ നിയന്ത്രണത്തിന് പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) കെട്ടിട നിർമ്മാണത്തിന് അനുമതി നൽകും മുൻപ് ഭൂവിനിയോഗ നിയന്ത്രണത്തിന് അധികാരപ്പെട്ട വിവിധ ഏജൻസികളുടെ പരിശോധന ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) ഇല്ല. മറ്റ് വകുപ്പുകളുടെയോ ഏജൻസികളുടെയോ നിയമങ്ങളോ ചട്ടങ്ങളോ വ്യവസ്ഥകളോ ബാധകമാകുന്ന സാഹചര്യങ്ങളിൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകും മുൻപ് ടി വകുപ്പുകളുടെയോ ഏജൻസികളുടെയോ അനുമതി പത്രമോ നിരാക്ഷേപപത്രമോ ലഭ്യമാക്കി പരിശോധിച്ചതിനു ശേഷം മാത്രമാണ് നിലവിൽ കെട്ടിടനിർമ്മാണാനുമതി നൽകി വരുന്നത്. |
| (ബി) നിർമ്മാണ പെർമിറ്റ് അപേക്ഷ സംബന്ധിച്ച് തീരുമാനം എടുക്കുന്നതിനു മുൻപ് മറ്റുവകുപ്പുകളുമായി കൂടിയാലോചനകൾ നടത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) മറ്റു വകുപ്പുകളുടെ നിരാക്ഷേപപത്രം/ അനുമതിപത്രം ആവശ്യമുള്ളപക്ഷം അവ ലഭ്യമാക്കിയാണ് നിലവിൽ നിർമ്മാണ പെർമിറ്റ് നൽകി വരുന്നത്. ഈ സാഹചര്യത്തിൽ മറ്റു വകുപ്പുകളുമായി കൂടയാലോചന നടത്തുന്ന കാര്യം സർക്കാർ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**